## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട**
**ചോദ്യം നമ്പർ : 193**

**05.02.2018 -ൽ മറുപടിയ്ക്ക്**

### സംസ്ഥാന വിനോദസഞ്ചാരനയം

**ചോദ്യം**

ശ്രീ. മുഹമ്മദ് മുഹസ്സിൻ പി.
'' സി.ദിവാകരൻ
'' ആർ. രാമചന്ദ്രൻ
'' വി.ആർ സുനിൽകുമാർ:

**ഉത്തരം**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന വിനോദ സഞ്ചാര നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ വ്യക്തമാക്കുമോ; | (എ) | സംസ്ഥാന വിനോദ സഞ്ചാര നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ടൂറിസ്റ്റുകളുടെ പ്രത്യേകത എന്തെന്ന് മനസ്സിലാക്കി നമ്മുടെ സാംസ്കാരികമായ സവിശേഷതകളെ സംരക്ഷിച്ചുകൊണ്ടുള്ള ഒരു കാഴ്ചപ്പാട് ആവിഷ്കരിക്കുക<br>2) കേരളത്തിന്റെ പുറംലോകം അറിയാത്ത തനിമകളെ പുത്തൻ ഉത്പന്നങ്ങളായി അവതരിപ്പിക്കുക<br>3) ആരോഗ്യരംഗം ഇക്കോ ടൂറിസം തുടങ്ങി കലയും സാംസ്കാരവും ഇഴചേർന്ന പൈതൃക ടൂറിസവും വികസിപ്പിക്കുക<br>4) ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക<br>5) ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുക.<br>6) സുസ്ഥിര ടൂറിസം വികസനത്തിന് കർമ്മ പരിപാടി ആസൂത്രണം ചെയ്യുക<br>7) പുതിയ ടൂറിസം ഉത്പന്നങ്ങൾ അവതരിപ്പിക്കുക<br>8) കിഫ്ബിയുടെ സാധ്യത ടൂറിസം അടിസ്ഥാന സൗകര്യ വികസനത്തിനായി പരമാവധി പ്രയോജനപ്പെടുത്തുക<br>9) കേരള ടൂറിസം സംരംഭകത്വ ഫണ്ട് രൂപീകരിക്കുക.<br>10) തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക.<br>11) കേരള ടൂറിസംത്തിന് ബ്രാൻഡ് അംബാസിഡറെ നിയമിക്കുക<br>12) മാനവശേഷി വികസനവും ടൂറിസം സാക്ഷരതയും പാഠ്യ പദ്ധതിയുടെ ഭാഗമാക്കുക<br>13) സുരക്ഷയും, കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി എന്ന പുത്തൻ ആശയവും നടപ്പാക്കുക.<br>14) ഓരോ ടൂറിസം കേന്ദ്രങ്ങളിലും പ്രത്യേക കർമ്മ |

| | | | |
|---|---|---|---|
| | | | സേന രൂപീകരിക്കുക.<br>15) ഹരിത പെരുമാറ്റച്ചട്ടം മുഖാന്തിരം മാലിന്യ നിർമ്മാർജ്ജനം നിയന്ത്രിക്കുക<br>16) പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ടൂറിസം മേഖലയിൽ 2017-22 കാലയളവിൽ 4 ലക്ഷം പുതിയ തൊഴിലവസരം സൃഷ്ടിക്കുക |
| (ബി) | മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് പ്രസ്തുത നയത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്; | | ടൂറിസം വകുപ്പും പൊതുമേഖലാ സ്ഥാപനങ്ങളും ടൂറിസം കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഹരിതപെരുമാറ്റചട്ടത്തിന് വിധേയമാക്കി നടപ്പാക്കുക, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഘട്ടംഘട്ടമായി ഉന്മൂലനം ചെയ്ത് മൂന്നു വർഷത്തിനകം കേരളത്തിലെ ടൂറിസം കേന്ദ്രങ്ങൾ പ്ലാസ്റ്റിക് വിമുക്തമാക്കുക, കേരളത്തിലെ ടൂറിസം വകുപ്പിലും അനുബന്ധ സ്ഥാപനങ്ങളിലും ഹരിത പെരുമാറ്റചട്ടം നടപ്പാക്കുന്നതിന്റെ ഭാഗമായി പാരമ്പര്യേതര ഊർജ്ജ വിനിയോഗം, ശാസ്ത്രീയ മാലിന്യ സംസ്കരണം, മഴവെള്ള സംഭരണം, മരങ്ങൾ വെച്ച് പിടിപ്പിക്കൽ എന്നിവ പ്രോത്സാഹിപ്പിക്കുക, മാലിന്യ നിർമ്മാർജ്ജനത്തിന് ഓരോ ടൂറിസം പദ്ധതിക്കും മാർഗ്ഗ നിർദ്ദേശം നൽകുക എന്നിവയാണ് മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ വിനോദസഞ്ചാര നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള നടപടികൾ. |
| (സി) | ടൂറിസം സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുമോ; | (സി) | ടൂറിസം വകുപ്പിൽ നിലവിൽ ടൂറിസം സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ ഇല്ല. എന്നാൽ ടൂറിസം നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ടൂറിസം റെഗുലേറ്ററി അതോറിറ്റി എന്ന ആശയം നടപ്പാക്കുമ്പോൾ ടൂറിസം സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ പരിഗണിക്കുന്നതാണ്. |
| (ഡി) | ആഭ്യന്തര ടൂറിസം പ്രോത്സാഹനത്തിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ആഭ്യന്തര ടൂറിസം പ്രോത്സാഹനത്തിന് ടൂറിസം വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി രാജ്യത്ത് വകുപ്പ് പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ടൂറിസം വകുപ്പ് രാജ്യത്ത് നടക്കുന്ന വിവിധ ട്രേഡ് ഫെയറുകളിൽ പങ്കെടുത്തു വരുന്നു. വിവിധ നാഷണൽ കാമ്പയിനുകൾ ഇതിന്റെ ഭാഗമായാണ് വകുപ്പ് സംഘടിപ്പിക്കുന്നത്. ഓഫ് സീസൺ പ്രൊമോഷൻ കാമ്പയിൻ, നാഷണൽ മീഡിയ കാമ്പയിൻ, റേഡിയോ കാമ്പയിൻ, പ്രിൻറ് കാമ്പയിൻ എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. വിവിധ റോഡ് ഷോകളും വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

കേരളത്തിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ പ്രത്യേകത എന്തെന്ന് മനസ്സിലാക്കി ഉൾക്കൊണ്ട് നമ്മുടെ സാംസ്കാരികമായ സവിശേഷകളെ സംരക്ഷിച്ചുകൊണ്ടുള്ള ഒരു കാഴ്ചപ്പാട് ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇന്ത്യയിലേക്ക് വരുന്ന ടൂറിസ്റ്റുകളിൽ കേരളത്തിലേക്ക് വരുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നുണ്ട്. ആയത് കൂടുതലും ആരോഗ്യ ചികിത്സയ്ക്കുവേണ്ടി വരുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നുണ്ട്. ആരോഗ്യ ടൂറിസം രംഗത്തെ മെച്ചപ്പെടുത്തേണ്ടത് ടൂറിസത്തിന്റെ വികസനത്തിന് പ്രധാനമാണ്. കേരളത്തിന്റെ ഇനിയും പുറംലോകം അറിയാത്ത നാട്ടുവിശേഷങ്ങളും തനിമകളും പുത്തൻ ഉത്പന്നങ്ങളായി കണ്ടെത്തണം. ഓരോ ടൂറിസം ഉത്പന്നങ്ങളും മൂല്യ വർധിതമാക്കുകയും കാലോചിതമാക്കുകയും ചെയ്യുന്നതാണ്. ആരോഗ്യ ടൂറിസം രംഗത്ത് ശക്തമായ നിയന്ത്രണങ്ങൾ വരുത്തേണ്ടതുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ടൂറിസം കേന്ദ്രങ്ങളിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കിയും, സർക്കാർ സംവിധാനങ്ങളുടെ നിരീക്ഷണം കർശനമാക്കിയും മുന്നോട്ടുപോയാൽ അത്തരം അപകട സാധ്യതകൾ ഇല്ലാതാക്കാനാകും.

കേരളത്തെ ടൂറിസം ഡെസ്റ്റിനേഷൻ ആക്കുന്നതിലേക്കായി റിന്യൂവബിൽ എനർജി വ്യാപകമാക്കും. പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കും. ഖരമാലിന്യ പ്രശ്നം പരിഹരിക്കും. ഇലക്ട്രിക്കൽ വെഹിക്കിൽ വ്യാപിപ്പിക്കുക, മാലിന്യരഹിത ജനമാർഗ ഗതാഗതം പ്രോത്സാഹിപ്പിക്കുക, കീടനാശിനികൾ ഇല്ലാത്ത പച്ചക്കറികൾ എവിടെയും ലഭ്യമാക്കുക, പരിസ്ഥിതി സൗഹൃദ ടൂറിസം വികസിപ്പിക്കുക എന്നിവ നടപ്പിലാക്കുന്നതാണ്.

ടൂറിസം വകുപ്പും പൊതുമേഖല സ്ഥാപനങ്ങളും ടൂറിസം കേന്ദ്രങ്ങളിൽ നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഹരിത പെരുമാറ്റച്ചട്ടത്തിന് വിധേയമാക്കി നടപ്പാക്കും. ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഘട്ടംഘട്ടമായി ഉന്മൂലം ചെയ്ത മൂന്ന് വർഷത്തിനം കേരളത്തിലെ ടൂറിസം കേന്ദ്രങ്ങൾ പ്ലാസ്റ്റ്ക വിമുക്തമാക്കും. ടൂറിസം വകുപ്പിലും അനുബന്ധ സ്ഥാപനങ്ങളിലും ഹരിത പെരമാറ്റച്ചട്ടം നടപ്പാക്കുന്നതിന്റെ ഭാഗമായി പാരമ്പര്യേതര ഊർജ്ജ വിനിയോഗം , ശാസ്ത്രീയ മാലിന്യ സംസ്കരണം, മഴവെള്ള സംഭരണം, മരങ്ങൾ വെച്ച് പിടിപ്പിക്കൽ എന്നിവ പ്രോത്സാഹിപ്പിക്കും. മാലിന്യ നിർമ്മാർജ്ജനത്തിന് ഓരോ ടൂറിസം പദ്ധതിക്കും മാർഗ്ഗ നിർദ്ദേശം നൽകും.